**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- ആധാർ എടുക്കാൻ കഴിയാത്തവരുടെ ഡാറ്റാ എൻട്രി -സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും, അനുബന്ധ നിർദ്ദേശങ്ങളും - ക്രോഡീകരിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ- ബി) വകുപ്പ്**

സ.ഉ. (എം.എസ്) നം.**43**/2021/ധന. തീയതി, തിരുവനന്തപുരം 06/03/2021

പരാമർശം:- സ.ഉ.(എം.എസ്) നം. 97/2020/ധന. തീയതി 23/09/2020

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിലേക്ക് പ്രാദേശിക സർക്കാരുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ആധാർ എടുക്കാൻ കഴിയാത്ത അർഹരായ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ എൻട്രി നടത്തുന്നതിലേക്ക് പരാമർശ ഉത്തരവിലെ ഖണ്ഡിക 1 സി 19(i) പ്രകാരം "ഗുണഭോക്താവിന് ആധാർ എടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ആധാർ എൻറോൾമെന്റ് ഏജൻസിയിൽ (അക്ഷയ) നിന്നും ഒരു മാസത്തിനുള്ളിൽ ലഭിച്ച രേഖ" സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ നിലവിൽ അക്ഷയ ആധാർ എൻറോൾമെന്റ് കേന്ദ്രത്തിൽ ആധാർ സേവനത്തിനായി സമീപിക്കുന്ന ഏത് വ്യക്തിക്കും ആധാർ സേവനം നിരസിക്കേണ്ട സാഹചര്യമില്ലായെന്നും, ആധാർ സേവനം നൽകാതിരിക്കണമെങ്കിൽ ആ വ്യക്തി പൂർണ്ണമായും ബയോമെട്രിക് വിവരങ്ങൾ നൽകാൻ കഴിയാത്ത (രണ്ട് കൈകളും രണ്ട് കണ്ണുകളും ഇല്ലാത്ത കേസുകൾ മാത്രം) വ്യക്തിയായിരിക്കണമെന്നും, ഈ സാഹചര്യത്തിലൊഴികെ മറ്റേത് സാഹചര്യത്തിലും 'ഫോഴ്സ്ഡ് ക്യാപ്ചർ' എന്ന ഓപ്ഷൻ മുഖേന ആധാർ സർവ്വീസ് നൽകുന്നതിന് UIADI തന്നെ ആധാർ എൻറോൾമെന്റ് ആപ്ലിക്കേഷനിൽ സൗകര്യം നൽകിയിട്ടുണ്ടെന്നും കൂടാതെ അക്ഷയകേന്ദ്രങ്ങൾ സംരംഭകർ മാത്രമായതിനാൽ ഇത്തരത്തിൽ ഒരു രേഖ നൽകാൻ കഴിയില്ലായെന്നും കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി മിഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശ ഉത്തരവിന്റെ ഖണ്ഡിക 1 സി 19 (i)-ലെ "ഗുണഭോക്താവിന് ആധാർ എടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ആധാർ എൻറോൾമെന്റ് ഏജൻസിയിൽ (അക്ഷയ) നിന്നും ഒരു മാസത്തിനുള്ളിൽ ലഭിച്ച രേഖ" എന്നതിനു പകരം "രണ്ട് കൈകളും രണ്ട് കണ്ണുകളും ഇല്ലാത്തതു കാരണം ആധാർ എടുക്കാൻ കഴിയാത്തവരുടെ കാര്യത്തിൽ, മേൽ കാരണത്താൽ ആധാർ എടുക്കാൻ കഴിയാത്ത വ്യക്തിയാണെന്ന് ഐ. സി. ഡി. എസ്. സൂപ്പർവൈസറുടെ അല്ലെങ്കിൽ അസ്സിസ്റ്റന്റ് സർജനിൽ കുറയാതെയുള്ള ഗവണ്മെന്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് (ഈ ഉത്തരവിനൊപ്പമുള്ള മാതൃകയിൽ)" എന്ന് വ്യവസ്ഥ ചെയ്യുന്നു. പരാമർശ ഉത്തരവിലെ ഖണ്ഡിക 1 സി 19 (i) മുതൽ (v) വരെയുള്ള മറ്റ് നിർദ്ദേശങ്ങൾ ബാധകമാണ്.

(3) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്)
6. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. ഡയറക്ടർ, കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി മിഷൻ
10. ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ (സി) വകുപ്പ്
11. ഡയറക്ടർ, അക്ഷയ
12. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം,
13. വിവര പൊതുജന സമ്പർക്ക വകുപ്പ്
14. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
15. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
16. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം 1569551/എസ്.എഫ്.സി.ബി2/20/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ/സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

# സർട്ടിഫിക്കറ്റ്

(06.03.2021 തീയതിയിലെ സ.ഉ.(എം.എസ്) നം.43/2021)-ലെ ഖണ്ഡിക 2 പ്രകാരം ഐ.സി.ഡി.എസ്.സൂപ്പർവൈസർ / അസിസ്റ്റന്റ് സർജനിൽ കുറയാതെയുള്ള ഗവണ്മെന്റ് ഡോക്ടർ നൽകുന്നത്)

ശ്രീ / ശ്രീമതി ..................................................................................................(പേര്)
..................................................................................................................................
..................................................................................................................................
...........................................................................................(വിലാസം & റേഷൻ കാർഡ് നമ്പർ)
..................................................................................................................-ലെ
(പ്രാദേശിക സർക്കാർ) സ്ഥിരം താമസക്കാരനാണെന്നും അപേക്ഷകൻ / അപേക്ഷക രണ്ട് കണ്ണുകളും, രണ്ട് കൈകളും ഇല്ലാത്ത വ്യക്തിയായതിനാൽ ആധാർ എടുക്കുന്നതിന് സാധിക്കില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഇത് സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്ക് ...........................................................
..................................................................................................................-ൽ
(പ്രാദേശിക സർക്കാർ) സമർപ്പിക്കുന്നതിലേക്ക് നൽകുന്നതാണ്.

സ്ഥലം: ഒപ്പ്
തീയതി:

പേര്

ഔദ്യോഗിക മേൽവിലാസം

(ഓഫീസ് സീൽ)

# CERTIFICATE

(Issued by Medical Officer not below the rank of assistant surgeon/ICDS supervisor as per para 2 of GO(MS)No.43/2021/Fin Dated 06.03.2021)

It is certified that Sri/Smt.......................................................................................
.................................................... ............................ .......... (Name)
.........................................................................................................
.........................................................................................................
...............................................................(Address & Ration Card No.)
who is a permanent resident of ........................................................................
.........................................................................................................
(Name of GP / Municipality / Municipal Corporation) cannot take Aadhaar as he/ she does not have two eyes and two hands.

This is issued to produce before the Secretary ....................................
.........................................................................................................
(Name of GP/Municipality / Municipal Corporation) for applying Social Security Pension.

Signature:

Place:

Name:

Date:

Official Address:

(Office Seal)